## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 67 — 08/02/2016 ൽ മറുപടിയ്ക്ക്

### ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ച് കിട്ടുന്നതിനുള്ള അപേക്ഷ

**ചോദ്യം**

**ശ്രീ. ജോസ് തെറ്റയിൽ**

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തിൽ കൊറ്റമം കരയിൽ ആട്ടോക്കാരൻ ജോസും ഈറ്റക്കടവ് ഊഴത്തുക്കാരൻ വീട്ടിൽ ഒ.പി. ഡേവിഡും കളക്ടറുടെ റിപ്പോർട്ട് സഹിതം 18.05.2015-ാം തീയതി ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ച് കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ടിയാളുകളുടെ ദയനീയ സ്ഥിതി കണക്കിലെടുത്ത് പ്രസ്തുത അപേക്ഷ പാസാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഇത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. ഉമ്മൻ ചാണ്ടി**
**(മുഖ്യമന്ത്രി)**

(എ) യും (ബി) യും (സി) യും

അങ്കമാലി നിയോജക മണ്ഡലത്തിലെ മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തിൽ കൊറ്റമം കരയിൽ ആട്ടോക്കാരൻ ജോസിന് 27.11.2015 തിയതിയിലെ സ.ഉ(സാധ)നം.6331/15/റവ പ്രകാരം 10,000/- രൂപ അനുവദിച്ചിട്ടുണ്ട് (ക്രമ നം.13).

ഈറ്റക്കടവ് ഊഴത്തുക്കാരൻ വീട്ടിൽ ഒ.പി. ഡേവിസിൻെറ മകൾ ഗ്രീന ഡേവിസിൻെറ ചികിത്സയ്ക്കായി 27.11.2015 ലെ സ.ഉ(സാധ)നം. 6331/15/റവ പ്രകാരം അനുവദിച്ച 10,000/- രൂപയ്ക്ക് (ക്രമ നം. 14) പുറമെ 4.2.2016 ലെ സ.ഉ(സാധ)നം. 850/16/റവ പ്രകാരം 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) യും കൂടി അനുവദിച്ചിട്ടുണ്ട്. തുക ലഭ്യമാക്കുന്നതിന് സർക്കാർ ഉത്തരവിന്റെ പകർപ്പ് എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**